






സരളം







# സരളം


## വിദ്യാർത്ഥിയുടെ പുസ്തകം




# പാഠം 1

## അദൃശ്യ ലോകം

ബൈബിൾ കഥ:
യേശു സ്വർഗ്ഗാരോഹണം ചെയ്യുന്നു
(അപ്പോസ്തലപ്രവൃത്തികൾ: 1:1=11)



മന:പാഠവാക്യം:
"അവസാനമായി കർത്താവിനോട് ഏകീഭവിച്ച് അവിടുത്തെ അജയ്യശക്തി മുഖേന നിങ്ങൾ കരുത്തുറ്റവരായിത്തീരുക. പിശാചിന്റെ കുതന്ത്രങ്ങളോട് എതിർത്തു നില്ക്കുവാൻ നിങ്ങൾ പ്രാപ്തരാകേണ്ടതിന് ദൈവം നിങ്ങൾക്കു നല്കുന്ന എല്ലാ ആയുധങ്ങളും ധരിച്ചുകൊള്ളുക. " എഫെസ്യർ 6:10 -11







"ഞാൻ ഈ അദൃശ്യ ലോകത്തെ വിശ്വസിക്കുന്നു; ഞാൻ ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിക്കുന്നു".

ഇനീഷ്യലുകൾ:







## ബൂട്ട് ക്യാമ്പ്

ഒരു ദൂതൻ നിങ്ങളെ ഏതെങ്കിലും തരത്തിൽ സഹായിക്കുന്നതായുള്ള നിങ്ങളുടെ ഒരു ചിത്രം വരയ്ക്കുക. നിങ്ങൾ അഭിമുഖീകരിക്കുന്ന ഏതെങ്കിലും അപകടകരമായ സ്ഥലമോ അല്ലെങ്കിൽ ഭയന്നുപോയ ഏതെങ്കിലും സാഹചര്യമോ ഓർമ്മിക്കുവാൻ ശ്രമിക്കുക.






www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers.



# പാഠം 2
## ഇരുളിനെതിരെ പോരാടുക

ബൈബിൾ കഥ:
പൌലോസും ശീലാസും കാരാഗൃഹത്തിൽ
(അപ്പൊ. 16:16-31)



മന:പാഠ വാക്യം
" നാം പോരാടുന്നത് മനുഷ്യരോടല്ല, അധികാരങ്ങളോടും ശക്തികളോടും ഈ അന്ധകാരലോകത്തിന്റെ അധിപതി കളോടും ആകാശത്തിലെ ദുഷ്ടാത്മസേനയോടുമത്രേ."
എഫെസ്യർ 6:12



"എനിക്ക് ചുറ്റുമുള്ള വ്യക്തികളോടല്ല, എന്റെ ശത്രുവായ സാത്താനെതിരെ യുദ്ധം ചെയ്യുവാ ഞാൻ തീരുമാനം എടുക്കുന്നു" / "ഞാൻ യുദ്ധം ചെയ്യുന്നത് എനിക്ക് ചുറ്റുമുള്ള വ്യക്തികളോടല്ല, ശത്രുവാ സാത്താനെതിരെയാണ്."

ഇനീഷ്യലുകൾ:





## ബൂട്ട് ക്യാമ്പ്

നിങ്ങൾക്ക് ചുറ്റുമുള്ള ആളുകളുടെ വാക്കുകളെക്കുറിച്ചും പ്രവർത്തികളെക്കുറിച്ചും അതിലൂടെ വരുന്ന ആത്മീക പോരാട്ടങ്ങളെക്കുറിച്ചും അതീവ ശ്രദ്ധയുള്ളവരാകുക. ഒരാൾ മറ്റൊരാളുമായി മോശമായി പെരുമാറുന്നത് നിങ്ങൾ കാണുകയോ കേൾക്കുകയോ ചെയ്യുമ്പോൾ, അതിനെപ്പറ്റി സാത്താൻ എത്രമാത്രം സന്തോഷവാനാകുന്നു എന്നും ദൈവം എത്ര മാത്രം ദു:ഖിതനാകുന്നുവെന്നും തിരിച്ചറിയുക. അത്തരം സംഭവങ്ങൾ ആ വ്യക്തികളുടെ പേരുകൾ ഉപയോഗിക്കാതെ അദ്ധ്യാപകനോട് പറയുന്നതിന് തയ്യാറാകുക.



www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers.

# പാഠം 3

## നിങ്ങളുടെ നിലത്ത് ഉറച്ച നിൽക്കുക


ബൈബിൾ കഥ:
സ്തേഫാനോസിന്റെ മരണം
(പ്രവൃത്തികൾ 6:8-15, 7:51-60)

മന:പാഠവാക്യം:
അതുകൊണ്ട് ദൈവത്തിന്റെ എല്ലാ പടക്കോപ്പുകളും ധരിക്കുക! അങ്ങനെ ചെയ്താൽ ദുർദിനത്തിൽ ശത്രുവിന്റെ ആക്രമണത്തെ പ്രതിരോധിക്കുവാനും അവസാനംവരെ പോരാടിയശേഷവും വീഴാതെ കാലുറപ്പിച്ച നില്ക്കുവാനും നിങ്ങൾക്കു കഴിയും
എഫെസ്യർ 6:13



☑ "ഞാൻ ഉറച്ച് നിൽക്കുവാൻ തീരുമാനിക്കുന്നു"

ഇനീഷ്യലുകൾ:





## ബ്യൂട്ട് ക്യാമ്പ്

സ്കൂളിൽ ബൈബിൾ കൊണ്ട് പോകുക. ബാഗിനുള്ളിൽ ഒളിപ്പിക്കാതെ ഇരിക്കുക. നിങ്ങളുടെ വിശ്വാസത്തിനു വേണ്ടി ഉറച്ച് നിൽക്കുക. ഒരു ക്രിസ്ത്യാനി എന്നതിൽ ലജ്ജിക്കാതെ ഇരിക്കുക.




www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers.



# പാഠം -4
## സത്യം എന്ന അരക്കച്ച


ബൈബിൾ കഥ:
അനന്യാസ് സഫീര
(അപ്പൊസ്തല പ്രവൃത്തി 5:1-4)



☑ "ഞാൻ സത്യസന്ധനായി ജീവിക്കുന്നതിനു തീരുമാനമെടുക്കുന്നു".

ഇനീഷ്യലുകൾ:

മന:പാഠവാക്യം:
"അതിനാൽ സത്യംകൊണ്ട് അരമുറുക്കിയും നീതി എന്ന കവചം ധരിച്ചും തയ്യാറായി നില്ക്കുക."
എഫെസ്യർ 6:14





### ബൂട്ട് ക്യാമ്പ്

നിങ്ങളോട് പറഞ്ഞ ഒരു നുണയെ പട്ടി ചിന്തിക്കുക, എന്നിട്ട് അത് എഴുതുക. അത് ഈ അടുത്ത കാലത്തൊന്നും സംഭവിച്ചതാകണമെന്നില്ല, കുട്ടിക്കാലത്ത് സംഭവിച്ചതായിക്കൊള്ളട്ടെ. ഇപ്പോൾ ആ ആദ്യ നുണയെ മറയ്ക്കാൻ തുടർന്നു പറഞ്ഞ നുണകളെ എഴുതുക. ഇനി എഴുതേണ്ടത് ആ നുണ മൂലം മുറിവേറ്റത് ആർക്കൊക്കെയാണ്.




www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers.



# പാഠം 5

## നീതി എന്ന കവചം


ബൈബിൾ കഥ:
കൊർന്നല്യോസ്
(പ്രവൃത്തികൾ 10:9-23)



മന:പാഠവാക്യം
"അതിനാൽ സത്യംകൊണ്ട് അരമുറുക്കിയും നീതി എന്ന കവചം ധരിച്ചും തയ്യാറായി നില്ക്കുക". എഫെസ്യർ 6:14

☑ "ഞാൻ എപ്പോഴും ശരിയായുള്ള കാര്യങ്ങൾ മാത്രം ചെയ്യും"

ഇനീഷ്യലുകൾ:





## ബൂട്ട് ക്യാമ്പ്

ഒരു വ്യക്തിയുടെ ജീവിതവും പെരുമാറ്റവും കണ്ടിട്ട് ലോകം അയാളെ ആദരിക്കുന്നത് നിങ്ങൾ കണ്ടിട്ടുണ്ടോ? എങ്കിൽ അത് ആരൊക്കെയാണ്? (ഇന്നത്തെ ബൈബിൾ കഥയിലെ കൊർന്നേല്യോസിനെ പോലെ). ഒരു വ്യക്തിയുടെ ജീവിതത്തിന്റെ ഒരു നല്ല ഗുണം എഴുതുക, എന്നിട്ട് അവരുടെ അടുക്കൽ ചെന്ന് അതിനെക്കുറിച്ച് പറയുക.




www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers.




# പാഠം 6

സമാധാന സുവിശേഷത്തിനായുള്ള ഒരുക്കം എന്ന ചെരിപ്പ്

ബൈബിൾ കഥ:
ഫിലിപ്പോസും ഐത്യോപ്പക്കാരനും
(പ്രവർത്തികൾ 8:26-40)



മന:പാഠവാക്യം
"സമാധാനത്തിന്റെ സുവിശേഷം പ്രഖ്യാപനം ചെയ്യുവാനുള്ള സന്നദ്ധത ആയിരിക്കട്ടെ നിങ്ങളുടെ പാദരക്ഷ.".എഫെസ്യർ 6:15



☑ "ഞാൻ ദൈവവുമായി നല്ല ബന്ധം സൂക്ഷിക്കുകയും, ദൈവത്തെ ഏത് സമയവും ശുശ്രൂഷിപ്പാൻ ഞാൻ ഒരുങ്ങിയിരിക്കും".

ഇനീഷ്യലുകൾ:




## ബൂട്ട് ക്യാമ്പ്


ആരോടെങ്കിലും സുവിശേഷം പങ്കുവയ്ക്കുവാൻ തയ്യാറാകാതെ ഇരിക്കുമ്പോൾ അത് എങ്ങനെയുള്ളതാണെന്ന് കണ്ടെത്താനുള്ള സമയമാണിത്. ഷൂസോ, ചേരിപ്പോ ഇല്ലാതെ റോഡിലൂടെ ഓടുകയോ, നടക്കുകയോ ചെയ്യുന്നത് എത്രമാത്രം ദുഷ്കരം ആണെന്ന് ചിന്തിക്കുക. ഹോ! അതിന് ശേഷം, ഒരു ക്രിസ്ത്യാനി ആകുവാൻ എനിക്ക് എങ്ങനെ സാധിക്കും എന്ന് ആരെങ്കിലും ചോദിച്ചാൽ അവരോട് എന്ത് മറുപടി പറയും എന്നത് എഴുതുക.



# പാഠം 7
## വിശ്വാസം എന്ന പരിച

ബൈബിൾ കഥ:
പൌലോസും കപ്പൽ തകർച്ചയും
(പ്രവൃത്തികൾ 27:21-37, 28:1)





"ഞാൻ ദൈവത്തിൽ വിശ്വസിക്കുവാൻ തീരുമാനിക്കുന്നു"

ഇനീഷ്യലുകൾ:

മന:പാഠവാക്യം
“വിശ്വാസം എന്ന പരിച എല്ലാസമയത്തും നിങ്ങളുടെ കൈയിലുണ്ടായിരിക്കണം. തന്മൂലം ദുഷ്ടൻ തൊടുത്തുവിടുന്ന ആഗ്നേയാസ്ത്രങ്ങളെ കെടുത്തുവാൻ നിങ്ങൾക്കു കഴിയും”
എഫെസ്യർ 6:16



## ബൂട്ട് ക്യാമ്പ്


പ്രത്യക്ഷത്തിൽ യാതൊന്നും കാണാൻ കഴിയുന്നില്ലെങ്കിലും, ബൈബിൾ പറയുന്ന കാര്യങ്ങൾ അത് പോലെതന്നെ ഉറപ്പോടെ വിശ്വസിക്കുന്ന കാര്യങ്ങളുടെ ഒരു പട്ടിക ഈ ആഴ്ച എഴുതുക. നിങ്ങളുടെ പട്ടികയിൽ ഏതാണ് ശത്രു നിങ്ങളെ പ്രത്യേകമായി ആക്രമിക്കുന്നത്?



www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers.



# പാഠം 8
## രക്ഷ എന്ന ശിരസ്ത്രം



ബൈബിള് കഥ - പാഠം 8
ശൌലിന്റെ രൂപാന്തരം
(പ്രവൃത്തികള് 9:1-19)

മന:പാഠവാക്യം :
"രക്ഷ പടത്തൊപ്പിയായും ദൈവവചനം ആത്മാവു നല്കുന്ന വാളായും സ്വീകരിച്ചുകൊള്ളുക. "
എഫെസ്യർ 6:17

☑ "എന്റെ രക്ഷയ്ക്കായ് ഞാൻ കർത്താവായ യേശുക്രിസ്തുവിൽ മാത്രം ആശ്രയിക്കുവാൻ ഞാൻ തീരുമാനിക്കുന്നു"

ഇനീഷ്യലുകൾ: ☐



## ബൂട്ട് ക്യാമ്പ്



രക്ഷയ്ക്കായി നിങ്ങൾ പ്രാർത്ഥിച്ച സ്ഥലം, സന്ദർഭം, സമയം എന്നിവ നിങ്ങളുടെ ബൈബിളിന്റെ ആദ്യ പേജിൽ എഴുതുക. നിങ്ങൾക്ക് ഓർമ്മിക്കുവാൻ കഴിയുന്നില്ലെങ്കിൽ, നിങ്ങൾക്കിപ്പോൾ അത് ചെയ്യാൻ കഴിയും! ഒരു പ്രത്യേക സ്ഥലത്ത് (കിടപ്പ് മുറി, വീടിന്റെ പുറക് വശം, അല്ലെങ്കിൽ പള്ളിയിലോ) പോയി നിങ്ങളോട് ക്ഷമിക്കുവാൻ ദൈവത്തോട് ആവശ്യപ്പെടുക. അവിടുത്തെ സ്വന്ത ജീവൻ നൽകി നിങ്ങളുടെ പാപങ്ങൾക്ക് പ്രായശ്ചിത്തം വരുത്തിയ യേശുവിനു നന്ദി പറയുക. നിങ്ങളുടെ കർത്താവും, യജമാനനുമായിത്തീരാൻ യേശുവിനെ നിങ്ങളുടെ ജീവിതത്തിലേക്ക് ക്ഷണിക്കുക. നിങ്ങൾ യേശുവിനായി ജീവിക്കുവാൻ ആഗ്രഹിക്കുന്നു എന്ന് കര്ത്താവിനോടു പറയുക. ഈ അനുഭവത്തിന്റെ സമയവും സ്ഥലവും നിങ്ങളുടെ ബൈബിളിന്റെ ഒന്നാം പേജിൽ എഴുതുക. അല്ലെങ്കിൽ നിങ്ങളുടെ വിദ്യാർത്ഥി പുസ്തകത്തിലോ എഴുതുക.




www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers.




# പാഠം 9

## ആത്മാവിന്റെ വാൾ

ബൈബിൾ കഥ :
പത്രോസ് പുരുഷാരത്തോട് സംസാരിക്കുന്നു.
(പ്രവൃത്തികൾ 2:12-17, 22-30, 4-41)



മന:പാഠവാക്യം
"രക്ഷ പടത്തൊപ്പിയായും ദൈവവചനം ആത്മാവു നല്കുന്ന വാളായും സ്വീകരിച്ചുകൊള്ളുക. " എഫെസ്യർ 6:17b



☑ "ഞാൻ ദൈവവചനം പഠിക്കാനും, അത് എന്റെ ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കാനും തീരുമാനിക്കുന്നു".

ഇനീഷ്യലുകൾ: ☐





### ബൂട്ട് ക്യാമ്പ്

നിങ്ങൾ നിരന്തരം പോരാടുന്ന ഒരു യുദ്ധത്തിനു പ്രയോഗിക്കാൻ കഴിയുന്ന ഒരു തിരുവചനം നിങ്ങൾ മന:പാഠമാക്കി അടുത്ത ആഴ്ചയിൽ ടീച്ചറോട് പറയുക. നിങ്ങളുടെ രൂപം, സമ്പത്ത്, ആത്മീയ സുരക്ഷ, ഭാവിയെക്കുറിച്ചുള്ള ഭയം മുതലായ ആശങ്കകൾ നിങ്ങൾ അനുഭവിക്കുന്നുണ്ടാകാം.




www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers.



# പാഠം 10

## ഇടവിടാതെ പ്രാര്ത്ഥിപ്പിന്

ബൈബിൾ കഥ
പത്രോസ് കാരാഗൃഹത്തിൽ നിന്നും രക്ഷപ്പെടുന്നു
(പ്രവൃത്തികൾ 12:1-19)



☑ "എന്റെ യുദ്ധം ആത്മീയമാണെന്ന് ഞാൻ തിരിച്ചറിയുന്നു, ഞാൻ എപ്പോഴും പ്രാർത്ഥിക്കാൻ തീരുമാനിക്കുന്നു."

ഇനീഷ്യലുകൾ:





മന:പാഠവാക്യം
"സകല പ്രാർത്ഥനയാലും യാചനയാലും ഏത് നേരത്തും ആത്മാവിൽ പ്രാർത്ഥിച്ചും, അതിനായി ജാഗരിച്ചും കൊണ്ടു സകല വിശുദ്ധന്മാർക്കും എനിക്കും വേണ്ടി പ്രാർത്ഥനയിൽ പൂർണ്ണ സ്ഥിരത കാണിപ്പീൻ" എഫെസ്യർ6:18





## ബൂട്ട് ക്യാമ്പ്

ശീലങ്ങൾ രൂപപ്പെടാൻ 21 ദിവസം നിരന്തരം കൃത്യമായി ആവർത്തിച്ചാൽ മതി. എല്ലാ വൈകുന്നേരവും നിങ്ങൾ കിടക്കയിൽ കയറുമ്പോൾ പ്രാർത്ഥിക്കാൻ ആരംഭിക്കുക. ഒരു ചെറിയ പ്രാർത്ഥന ആയാലും സാരമില്ല പക്ഷേ ഒരു ദിവസം പോലും മുടക്കാതിരിക്കുവാൻ ശ്രദ്ധിക്കുക. ഇനി അഥവാ ഒരു ദിവസം നഷ്ടമായാൽ, അടുത്ത ദിവസം പ്രഭാതത്തിൽ ഇരട്ടിയായി പ്രാർത്ഥിക്കുക, അതിനു ശേഷം മാത്രം കിടക്ക വിട്ട് ഇറങ്ങുക. നിങ്ങളുടെ കിടക്കയെ പ്രാർത്ഥനാ സ്ഥലമാക്കുക. 21 ദിവസം ഈ പ്രാർത്ഥനയിൽ വീഴ്ച വരുത്താതെ തുടരുവാൻ കഴിഞ്ഞതിനു സ്വന്തമായി പ്രതിഫലം നൽകുക.



www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers.




Easy Armor of God
Malayalam

10811

www.ChildrenAreImportant.com
info@childrenareimportant.com
We are located in Mexico.

കുട്ടികൾ പ്രാധാന്യമുള്ളവർ